# നായരമ്പലം സിഡിഎസ്

കുടുംബശ്രീയുടെ പ്രഖ്യാപിതലക്ഷ്യങ്ങളായ ദാരിദ്ര്നിർമാർജ്ജന സത്രീശാക്തീകരണ പ്രവർത്തനങ്ങൾ രാജ്യത്തിനും ലോകത്തിനും മാതൃകയായിക്കഴിഞ്ഞു എന്നു നമുക്കറിയാം. സമാനതകളില്ലാത്ത ഒരു മഹാവ്യാധിക്കെതിരെ പോരാടുകയാണ് ഇപ്പോൾ കുടുംബശ്രീയും. കോവിഡ് 19 ഒരുക്കിയ കെണിയിൽ നിന്നും കരകയറുവാൻ നമുക്കിനിയും സാധിച്ചിട്ടില്ല എങ്കിലും ഈ മഹാവ്യാധിക്കെതിരെയുള്ള നമ്മുടെ പോരാട്ടം തുടരുകയാണ്.ഈ പോരാട്ടത്തിൽ അവരവരുടേതായ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കുന്നതിനായി നായരമ്പലം സിഡിഎസും എല്ലാ വിധ പിന്തുണയും ഊർജ്ജവും നൽകിവരുന്നു.പ്രതിസന്ധികളെ ആത്മവിശ്വാസം കൊണ്ടും കഠിനാധ്വാനം കൊണ്ടും ആത്മാവബോധത്തിൻ്റെ സൂര്യതേജസിനാൽ സി ഡി എസിനെയും അയൽക്കൂട്ട അംഗങ്ങളെയും നയിക്കുന്ന അപൂർവ വ്യക്തിത്വത്തിനുടമയാണ് സി ഡി എസ് ചെയർപേഴ്സൻ. അവശരും ദുരിതമനുഭവിക്കുന്നവരും നിരാലംബരുമായ കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി അവർക്ക് ആശ്വാസത്തിൻ്റെ തണലൊരുക്കാൻ സി ഡി എസ് ചെയർപേഴ്സൺ വഹിക്കുന്ന സ്ഥാനം വളരെ വലുതാണ്.നായരമ്പലം സി ഡി എസിനു കീഴിൽ 14 എഡിഎസുകളുമുണ്ട്.252 അയൽക്കൂട്ടങ്ങളും 150 ജെ എൽജികളും 40 സംരംഭങ്ങളും ഇവിടെയുണ്ട്. 31

വയോജന അയൽക്കൂട്ടങ്ങളും 2ഭിന്നശേഷി അയൽക്കൂട്ടങ്ങളും18 ബാലസഭകളും നായരമ്പലത്തുണ്ട്.

കോവിഡ് കാലത്തെ എടുത്തു പറയത്തക്ക പ്രവർത്തനമായിരുന്നു സാമൂഹ്യ അടുക്കളയുടേത്. ഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന ആശ്രയ അംഗങ്ങൾക്കും കോളിങ് ബെൽ അംഗങ്ങൾക്കും അതിഥി തൊഴിലാളികൾക്കും പോലീസ് സ്റ്റേഷനിലേക്കും കോവിഡ് ലോക്ക് ഡൗൺ വേളയിൽ 2780 പൊതിച്ചോറുകൾ എത്തിച്ചു നല്കി.ഇതിനായി വാർഡുകളിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് സാമൂഹ്യ അടുക്കളയിൽ എത്തിച്ചുകൊണ്ടിരുന്നു.ഇത് പിന്നീട് 20 രൂപയ്ക്ക് ഊണ് നൽകുന്ന ജനകീയ ദക്ഷണശാലയായി ഉയർത്തി.



കൊറോണക്കാലത്ത് വാർഡുകളിൽ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചിരാത് എന്ന പേരിൽ പത്തിന പച്ചക്കറി കൃഷി അയൽക്കൂട്ട അംഗങ്ങൾക്കായി തുടങ്ങി.വിത്ത്, വളം, ഗ്രോബാഗ് എന്നിവ കുടുംബശ്രീ അംഗങ്ങളുടെ ആവശ്യാനുസരണം സി ഡി എസ് തന്നെ എഫ് എഫ് സി വഴി ലഭ്യമാക്കുന്നു. ഇതു കൂടാതെ പഞ്ചായത്തിൻ്റെയും കൃഷിഭവൻ്റെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ കെട്ടുകളിൽ പൊക്കാളിക്കൃഷി ചെയ്യാനുള്ള കഠിന പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഇതിനു വേണ്ടി കെട്ടുകളിൽ നിന്ന് വെള്ളം ഇറക്കാനുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്.



കോവിഡ് കാലത്ത് സി ഡി എസ് അയൽക്കൂട്ടാംഗങ്ങൾ മുഖേന മാസ്ക് നിർമ്മിച്ച് വിറ്റഴിച്ചു. ഇതിനു പുറമേ പഞ്ചായത്ത് ഓരോ വീട്ടിലും രണ്ട് മാസ്ക്ക് വീതം വിതരണം ചെയ്തതിൻ്റെ തയ്യൽ ജോലികളും സി ഡി എസ് ആണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കൂടുതൽ ആവശ്യമുള്ളവർക്ക് മാസ്ക്ക് ലഭ്യമാക്കാൻ സി ഡി എസ് തന്നെ ഗ്രൂപ്പുകളയും സജ്ജമാക്കിയിട്ടുണ്ട്.കൂടാതെ പഞ്ചായത്തിൻ്റെ സഹകരണത്തോടെ ഹാൻഡ് വാഷ് നിർമിച്ച് വിതരണം നടത്തുകയും ചെയ്തു.



നിലവിൽ നായരമ്പലം സി സി എ സിൽ RKLS, മുറ്റത്തെ മുല്ല, പിന്നോക്ക സമുദായ വായ്പ, ലിങ്കേജ് വായ്പ എന്നിവ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവയ്ക്കു പുറമെ സർക്കാർ ലോക്ക് ഡൗൺ സമയത്ത് പ്രഖ്യാപിച്ച സഹായഹസ്തം വായ്പ 15652500 രൂപയും അംഗങ്ങൾക്ക് വിതരണം



ചെയ്തു.മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ ആദ്യമായി ജനങ്ങളിലേക്കെത്തിക്കുകയും സമയബന്ധിതമായി കൊടുത്തു തീർക്കുകയും ചെയ്ത എറണാകുളം ജില്ലയിലെ ആദ്യത്തെ സി സി എസ് ആണ് നായരമ്പലം..

ആരോഗ്യമേഖലയിലും നായരമ്പലം സി ഡി എസ് നടത്തിയ പ്രവർത്തനങ്ങൾ പ്രഥമഗണനീയം തന്നെയാണ്. 60 വയസിനു മുകളിലുള്ള വയോ ആശ്രയ അംഗങ്ങളെയും പ്രത്യേകം നിയോഗിച്ച ആർ പി മാർ മുഖേന ആരോഗ്യ പ്രശ്നങ്ങൾ ആരായുകയും അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ട 4 ക്യാൻസർ രോഗികൾക്ക് PHC യുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുകയും ചെയ്തു. സി ഡി എസ് ചെയർപേഴ്സൻ MLA ഓഫിസുമായി നേരിട്ട് ബന്ധപ്പെട്ട് ഡയാലിസിസ്, കീമോതെറാപ്പി എന്നിവ ചെയ്യുന്ന രോഗികൾക്ക് പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തുകയുമുണ്ടായി.

ലോക്ക്ഡൗൺ സമയത്ത് സർക്കാർ സൗജന്യമായി നൽകിയ പലചരക്ക് കിറ്റുകൾ പായ്ക്ക ചെയ്യുന്നതിനായി ഓഡിറ്റോറിയത്തിൽ ഒരു മാസത്തോളം സി ഡി എസ് അംഗങ്ങളും അയൽക്കൂട്ട അംഗങ്ങളുമാണ് പങ്കാളികളായത്. ഇതു കൂടാതെ



സഹകരണ ബാങ്കിൻ്റെ കിറ്റ് വിതരണത്തിൻ്റെയും പായ്ക്കിങ് കുടുംബശ്രീയാണ് ഏറ്റെടുത്തത്.

പ്രവാസികൾ വരുന്നതുമായി ബന്ധപ്പെട്ട് നായരമ്പലം സി ഡി എസ് ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു.കൂടാതെ സർക്കാരിൻ്റെ സന്നദ്ധ സേനയിലേക്ക് നിരവധി ആളുകൾ അംഗമാവുകയും ചെയതു.

കൊറോണക്കാലത്ത് ഉണ്ടായ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചെയർപേഴ്സൻ ഇടപെട്ട് 3 കേസുകൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് പരിഹരിച്ചു.

കൊറോണ വൈറസിനെ ചെറുക്കാൻ മുൻകരുതലുകൾ എടുക്കുന്നതിൻ്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ ബോധവൽക്കരണം നടത്തി. ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ടങ്ങൾ കൂടാൻ കഴിയാത്തതിനാൽ അംഗങ്ങൾക്ക് കുടുംബശ്രീയിൽ നടക്കുന്ന പ്രവർത്തനങ്ങൾ അറിയാൻ ജില്ലാമിഷൻ ആസൂത്രണം ചെയ്ത വാട്ട്സ്ആപ്പ് കൂട്ടായ്മ സിഡിഎസ് വളരെ ആർജവത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി.ഓരോ വാർഡിലും വാട്ട്സ്ആപ്പ് കൂട്ടായ്മ രൂപീകരിക്കാനും ആശയവിനിമയം താഴെതട്ട് വരെ എത്തുന്നതിനും സി ഡി എസ് ,എ ഡി എസ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ പറഞ്ഞറിയിക്കേണ്ടതാണ്. വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി വയോജനങ്ങളുടെ ക്ഷേമം അന്വേഷിച്ചു. ജില്ലാ മിഷൻ ആവിഷ്ക്കരിച്ച ഒട്ടേറെ പ്രവർത്തനങ്ങൾ ഈ കൂട്ടായ്മയിലൂടെ നടപ്പാക്കാൻ കഴിഞ്ഞു. അയൽക്കൂട്ടങ്ങൾക്ക് സൈബർജാലകം എന്ന പേരിൽ അയൽക്കൂട്ടയോഗങ്ങൾ, ബാലസഭാ കുട്ടികളുടെ

വളർത്തുന്നതിനായി പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സർഗ്ഗം എന്ന മത്സരം, വലിയ ലോകവും ചെറിയ കുട്ടികളും എന്ന മത്സരം, ഞാനും എൻ്റെ മുത്തശ്ശിയും എന്ന പേരിൽ വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വീഡിയോ മത്സരം, പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ആശയങ്ങൾ പങ്കു വയ്ക്കുന്നതിനായി നടത്തിയ പുതുജീവനം എന്ന അഭിപ്രായവിനിമയം, അയൽക്കൂട്ട അംഗങ്ങളുടെ സർഗശേഷി കണ്ടെത്തുന്നതിനായി നടത്തിയ സൈബർ അരങ്ങ് എന്നിവ വാട്ട്സ്ആപ്പ് കൂട്ടായ്മയിലൂടെ നല്ല രീതിയിൽ നടത്താൻ നായരമ്പലം സി ഡി എസ് അവർക്കാവുന്ന വിധം ശ്രമിച്ചിട്ടുണ്ട്.

ഇതുകൂടാതെ പല വാർഡുകളിലും പ്രത്യേക ഇടപെടലുകൾ കൊറോണക്കാലത്ത് നടത്തിയിട്ടുണ്ട് രണ്ടാം വാർഡിൽ സി ഡി എസ് അംഗത്തിൻ്റെ മേൽനോട്ടത്തിൽ കുട്ടികൾ കടലിൽ നിന്നും കായലിൽ നിന്നും ഒഴുകിവരുന്ന കുപ്പികൾ



ശേഖരിച്ച് വളരെ മനോഹരമായി ബോട്ടിൽ ആർട്ട് ചെയ്തു.എട്ടാം വാർഡിൽ സി ഡി എസ് അംഗം



ഫോറസ്റ്റ് ഡിപ്പാർട്മെൻ◌്റിനെയും ഫയർഫോഴ്സിനെയും സമീപിച്ച് പെരുമ്പാമ്പിനെ പിടിക്കാൻ മുൻകൈയെടുത്തു.7, 8 വാർഡുകളിൽ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന 20 കുടുംബങ്ങൾക്ക് ഒരു സന്നദ്ധവ്യക്തിയുടെ സ്പോൺസർഷിപ്പ് ഏറ്റെടുത്ത് 1000 രൂപയുടെ പലചരക്ക് സാധന കിറ്റുകൾ വിതരണം ചെയ്തു.അഞ്ചാം വാർഡിൽ കുടുംബശ്രീ അംഗങ്ങൾ അവരവരുടെ ലാഭവിഹിതം ഉപയോഗപ്പെടുത്തി പരസ്പരം കിറ്റുകൾ കൈമാറി .



ഈ അവസരത്തിൽ കൊറോണ തന്നെയാണ് ഏറ്റവും വലിയ വെല്ലുവിളി എന്ന് ഇവർ മനസിലാക്കുന്നു.ഇത്രയധികം നിസ്തുല സേവനങ്ങൾ സാമൂഹിക അകലം പാലിച്ചുകൊണ്ടുതന്നെയാണ് നമ്മുടെ പ്രവർത്തകർ നടപ്പിലാക്കിയത്.കൊറോണ എന്ന മഹാവ്യാധിക്ക് വളരെ എളുപ്പത്തിലൊരു നിർമാർജ്ജനം സാധ്യമാകില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.കാലവർഷം തുടങ്ങുന്നതിനാൽ കടൽക്ഷോഭങ്ങളെയും തീരദേശമേഖല പ്രതീക്ഷിക്കുന്നുണ്ട്. സ്ഥിരമായി കടൽക്ഷോഭം ഉണ്ടാകുന്ന ഒരു പ്രദേശമാണ് നായരമ്പലം . എങ്കിലും ഇതെല്ലാം അവഗണിച്ചുകൊണ്ട് കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള തീവ്ര ശ്രമത്തിലാണ് നായരമ്പലം സി ഡി എസ്.ഇതിനുള്ള നീക്കങ്ങളുമായി ഇവർ മുന്നോട്ടു പോവുകയാണ്


തയ്യാറാക്കിയത്

സവിത രഘു, ചെയർപേഴ്സൻ

**8086865566**

സജന M A, BC1 Post 2

**9544356840**